# നോട്ടം

സജീവ്, എൻ. യു.



ട്രോട്ടം
Sajeev, N. U.
(Malayalam: Poem)

© 2020, Sajeev, N. U.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Abrazo - Good hope II (Pastoral), a painting by Arshile Gorky (1904–1948). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നോട്ടം



1

നോക്കിനോക്കിയിരുന്ന്
കണ്ണൊന്നു മങ്ങിച്ചാൽ
വസ്തു രണ്ടാകും.
അതിൽ
റബ്ബറാൽ മായ്ചപോലെ
ചില ഭാഗങ്ങൾ അലിച്ചുകളയാനാകും,
ചില വസ്തുക്കൾ തന്നെ.

മങ്ങൽ അയയുന്തോറും
അരിച്ചരിച്ച്
വസ്തു ഒന്നിലേക്ക് തിരിച്ചുകേറും.
പിന്നെയുമതു വസ്തുവായ് നിൽക്കുമോ
എന്നു സംശയിക്കാൻ,
മൂന്നാമതൊന്നാണോ അതേ വസ്തു-
വെന്നാലോചിക്കാൻ,
പിന്നെ ശേഷിച്ചതേതു വസ്തുവെ-
ന്നൊരിക്കലും മനസ്സിലാക്കാതിരിക്കാൻ
ഞാനീ നോട്ടം ശീലിച്ചു.

2

കനാൽ മലർന്നു കിടക്കുന്ന പഴതാര
വശങ്ങളിൽ വളർന്നു പൂവിട്ടെരുക്കുകൾ
ഇരുട്ടിൽവച്ച ഭീമ നഗ്നത.
അപ്പുറമിപ്പുറം വഴികളിൽ നിന്നും
ചെമ്മാനം, ചെമ്മണ്ണ്
അതിലേക്കു വീഴുമ്പോൾ
ആവഴിയാകാശത്തമ്പിളി തൻകൂടേ
എത്രയും നടക്കുമോ എന്നറിയാൻ
നടക്കുന്നു
നിൽക്കുന്നു
പുറകോട്ട് നടന്ന്
മുന്നോട്ടോടുന്നു.

അപ്പുറത്തൊരു ചെക്കൻ
എതിരേ നടക്കുന്നു
അമ്പിളി തൻകൂടേ
എന്നവൻ പറയുന്നു.
ഒടുവിലൊരുമിച്ചെതിരേ നടന്നു
ഒപ്പം തന്നെയിരുവർക്കു, മമ്പിളി രണ്ടാണോ?
എന്റെ കൂടെയുണ്ടായാലും
ഞാനിത്ര തനിച്ചാണോ
തനിച്ചല്ലെന്നതു തോന്നലാണോ
അറിയാൻ വയ്യാതെ
അമ്പിളി നോക്കാനാകാതെ

3

കരഞ്ഞു കണ്ണീരിൻ പാട വെളിച്ചത്തെ
നിലാവുപോലാക്കി,
വസ്തുവും രണ്ടാക്കി.
കുട്ടികൾക്കു വസ്തുക്കൾ എത്ര പുതിയവ
അവർ പഴയതാകും വരെ
സ്ഥലങ്ങൾ എത്ര വലിയവ
അവർ വലുതാവും വരെ

വലുതായപ്പോൾ ആളുയരം കൂടി
സ്ഥലദൈർഘ്യം കുറുകി
താഴ്‌വാരം പോലെ കരേറിയവ
തീരെ ചെറിയ കയറ്റങ്ങൾ
വഴിയുടെയറ്റം പാമ്പിൻപൊത്തിൽ നിന്നുപരക്കുമിരുൾ
വഴികൾക്കിപ്പോൾ വളവുകഴിഞ്ഞു തുടർച്ചകൾ

തിണ്ണയിൽ ചാന്തു മിനുക്കാൻ അച്ഛമ്മ
പുറത്തെടുത്ത കല്ലിൻ മിനുസം
കണ്ടതൊളിച്ചു, മറന്നു,
വലുതായപ്പോൾ
ഓവിൽ തുറന്നിരിക്കുന്നു
മറന്നതിൻ ഭാരമുള്ള മിനുസം



4

വലുതായപ്പോൾ
ആകാശത്തിന്റെ പാത്തികളിൽ ഓട്ടുവിരിച്ചു
അനന്തത മുകളോട്ട് ഇടുങ്ങിപ്പോകും മേൽക്കൂരയായി.
ഇരുട്ടായി
എല്ലാരും കിടപ്പായി.

ഇടനാഴിയിൽ പുകപോലെ വെളിച്ചം
ചില്ലോടിലേക്കൊരു കാൽകുഴയും പരവതാനി
ചില്ലിൽ വട്ടത്തിൽ ചന്ദ്രൻ
മുഖത്ത് വെട്ടം
ഞാൻ നീങ്ങാതെ കിടക്കെ
ഒറ്റയ്ക്കു നീങ്ങി
അരിച്ചരിച്ച് ചില്ലുകടന്നു
തല ഇടത്തോട്ട് ചരിച്ചുമെടുത്തും
അതിന്റെ കഷ്ണത്തെ
ചില്ലിൽ ഞാൻ കോരിനോക്കി.

## സജീവ്, എൻ. യു.



1996-ൽ തൃശ്ശൂർ ജില്ലയിൽ എളനാട് ജനനം. മലയാള സർവ്വകലാശാലയിൽ എം. ഫിൽ. ഗവേഷക വിദ്യാർത്ഥി.

ചിത്രങ്ങൾ: വി. മോഹനൻ

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.